REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഞ്ച് ദിവസമായി നടന്ന ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി സമാപിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രസീൽ പ്രസിഡന്റും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തും.**
- **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായ അന്തിമ വോട്ടർ പട്ടിക ഇന്ന് പ്രസിദ്ധീകരിക്കും.**
- **സംസ്ഥാനത്തിന്റെ വികസനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർണായകമായ പങ്കാണ് വഹിക്കുന്നതെന്ന് മന്ത്രി MB രാജേഷ്.**
- **FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ, ഇന്ത്യ ഇന്ന് സ്പെയിനിനെ നേരിടും.**

## വാർത്തകൾ വിശദമായി

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഞ്ച് ദിവസമായി നടന്ന ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി സമാപിച്ചു. സമാപന ദിവസമായ ഇന്നലെ നിർമിത ബുദ്ധിയിലെ ആഗോള സഹകരണ സാധ്യതകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

ഇന്ത്യയും അമേരിക്കയും തമ്മിലെ തന്ത്രപരമായ സാങ്കേതികവിദ്യയും വിതരണ ശൃംഖല സഹകരണവും ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന

നാഴികക്കല്ല് അടയാളപ്പെടുത്തി ഇന്ത്യ - യുഎസ് 'പാക്സ് സിലിക്ക' പ്രഖ്യാപനം ഉച്ചകോടിയിൽ ഒപ്പുവെച്ചു.

അഞ്ച് ലക്ഷത്തിലേറെ പേർ ഉച്ചകോടിയിൽ പങ്കെടുത്തുവെന്നും ലോകത്തിലെ എല്ലാ പ്രധാന AI സംരംഭകരും ഉച്ചകോടിയുടെ ഭാഗമായതായും സമാപന പത്രസമ്മേളനത്തിൽ കേന്ദ്ര IT മന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു. ഉച്ചകോടിയിൽ AI അടിസ്ഥാന സൗകര്യങ്ങൾക്കായി 250 ബില്യൺ കോടിയിലധികം നിക്ഷേപ പ്രതിബദ്ധത ലഭിച്ചതായും അദ്ദേഹം പറഞ്ഞു.
അന്തിമ കരാറിൽ ഒപ്പുവെച്ചവരുടെ എണ്ണം 70 കവിഞ്ഞതായും അശ്വനി വൈഷ്ണവ് അറിയിച്ചു.

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയോട് അനുബന്ധിച്ച് സംഘടിപ്പിച്ച എക്സ്പോ ഇന്ന് സമാപിക്കും. സന്ദർശകരിൽ നിന്നും പ്രദർശകരിൽ നിന്നും ലഭിച്ച മികച്ച പ്രതികരണം കണക്കിലെടുത്ത് ഗവൺമെന്റ് എക്സ്പോ ഒരു ദിവസത്തേക്ക് കൂടി നീട്ടുകയായിരുന്നു.

രാവിലെ 9.15 മുതൽ വൈകിട്ട് ആറ് വരെ എക്സ്പോ ഉണ്ടാകും. സന്ദർശകർക്കുള്ള പുതുക്കിയ പ്രവേശന ക്രമീകരണങ്ങളും സുരക്ഷാ പ്രോട്ടോക്കോളുകളും IT മന്ത്രാലയം പുറത്തിറക്കി.

✪✪✪

താരീഫുമായി ബന്ധപ്പെട്ടു യുഎസ് സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ, ഇന്ത്യയുമായി വ്യാപാര കരാർ മാറ്റമില്ലാതെ തുടരുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. ഇന്ത്യയുമായി തന്റെ ബന്ധം മികച്ചതാണെന്നും അമേരിക്ക ഇന്ത്യയുമായി മികച്ച വ്യാപാര ബന്ധത്തിലാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയ്ക്ക് മേൽ ചുമത്തിയിരുന്ന 25 ശതമാനം താരിഫുകൾ 18 ശതമാനമാക്കി കുറച്ചു കൊണ്ട് ഈ മാസം ആദ്യം ട്രംപ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവച്ചിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയും ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും. വിവിധ ആഗോള വിഷയങ്ങളിൽ ഇരു നേതാക്കളും കാഴ്ചപ്പാടുകൾ കൈമാറും.

2006 മുതൽ ഇന്ത്യയും ബ്രസീലും തന്ത്രപരമായ പങ്കാളികളാണ്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാണ് ബ്രസീൽ. വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഊർജ്ജം, കൃഷി, ആരോഗ്യം, ഉൾപ്പെടെ വിഷയങ്ങളിൽ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഇരു നേതാക്കളും ചർച്ച നടത്തും.

✪✪✪

ക്വാൽകോം ഇൻകോർപ്പറേറ്റഡിന്റെ പ്രസിഡന്റും സിഇഒയുമായ ക്രിസ്റ്റ്യാനോ അമോണുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ  ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. എഐ-സാങ്കേതികവിദ്യാ മേഖലകളിൽ  ക്വാൽകോമിന് ഇന്ത്യൻ നൂതനാശയക്കാരുമായും സ്റ്റാർട്ടപ്പുകളുമായി സഹകരണം,സെമികണ്ടക്ടറുകൾ  ചിപ്പ് നിർമ്മാണം തുടങ്ങിയ വിഷയങ്ങൾ പ്രധാന ചർച്ചാ വിഷയങ്ങളായെന്ന്  പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശിലെ മീററ്റ് സന്ദർശിക്കും. ശതാബ്ദി നഗർ നമോ ഭാരത് സ്റ്റേഷനിൽ മീററ്റ് മെട്രോയും നമോ ഭാരത് ട്രെയിനും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. മീററ്റ് സൗത്ത് സ്റ്റേഷൻ വരെ അദ്ദേഹം മെട്രോ യാത്ര നടത്തുകയും ചെയ്യും. സന്ദർശന വേളയിൽ, ഏകദേശം 12,930 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ മോദി രാഷ്ട്രത്തിന് സമർപ്പിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്  നാളെ. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും.

✪✪✪

സാധാരണക്കാരിൽ സമ്പാദ്യശീലം വളർത്തുന്ന ദേശീയ സമ്പാദ്യപദ്ധതി സുരക്ഷിതമായ നിക്ഷേപ പദ്ധതിയാണെന്നും മികച്ച രീതിയിൽ നടപ്പാക്കുന്നത് കേരളത്തിലാണെന്നും മന്ത്രി KN ബാലഗോപാൽ പറഞ്ഞു. പദ്ധതി ഏജന്റുമാരുടെ കൊല്ലം ജില്ലാതല സംഗമം 'ധനദീപ്തി 2026' കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടപ്പാക്കിയ പദ്ധതിയിൽ ഏജന്റുമാർക്ക് പ്രതിഫലം നൽകാൻ സംസ്ഥാന ഗവൺമെന്റ് പ്രതിമാസം 22 കോടി രൂപ വിഹിതമായി നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. സ്റ്റുഡന്റ് സേവിങ് സ്കീമിന്റെ തീം സോങ് പ്രകാശനവും മികച്ച പ്രവർത്തനം നടത്തിയ ഏജന്റുമാർക്ക് പുരസ്കാര വിതരണവും മന്ത്രി നിർവഹിച്ചു. 70 വയസ് പിന്നിട്ട ഏജന്റുമാരെ ചടങ്ങിൽ ആദരിച്ചു.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായ അന്തിമ വോട്ടർ പട്ടിക ഇന്നു പ്രസിദ്ധീകരിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി  M പള്ളുരുത്തി...

..........വോയ്സ്..........

തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി ഡിസംബർ 23-നു പ്രസിദ്ധീകരിച്ച കരടു വോട്ടർ പട്ടികയെ കുറിച്ചുള്ള എതിർപ്പുകളും അകവാശവാദങ്ങളും പരിഗണിച്ച ശേഷമാണ് ഇന്ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നത്. 2,69,53,644 വോട്ടർമാരാണ് സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടികയിൽ ഉള്ളത്. ആകെ 36,88,948 പേർക്കായിരുന്നു നോട്ടീസ് നൽകി ഹിയറിങ് നടത്തിയത്.  കരടു വോട്ടർ പട്ടികയിലെ 53,229 പേരെ വിവിധ കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്. ഇന്നു പ്രസിദ്ധീകരിക്കുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസം വരെ പേരു ചേർക്കാനുള്ള അപേക്ഷ സമർപ്പിക്കാൻ അവസരം ലഭിക്കും.

✪✪✪

എകെജി പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. രാവിലെ എകെജി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ പഠന കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. പഠന കോൺഗ്രസിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി നാലു സിമ്പോസിയങ്ങളും 44 അനുബന്ധ സെഷനുകളും നടക്കും. കേരളത്തിന്റെ വികസന മാതൃക, ശാസ്ത്ര-സാങ്കേതിക നയം, മതേതര സംസ്കാരം, പതിനാറാം ധനകാര്യ കമ്മീഷൻ അവാർഡ് തുടങ്ങിയ വിഷയങ്ങൾ വിവിധ സിമ്പോസിയങ്ങളിൽ ചർച്ചചെയ്യും.

✪✪✪

ഭിന്നശേഷിയുള്ളവർക്ക് നൂതന ശാസ്ത്രീയ പരിശീലനം നൽകുന്നതിന് പദ്ധതി നിപ്മർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. ഇതിന്റെ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങും. നിപ്മറിൽ നിർമ്മിക്കുന്ന 250 ബെഡുകളുള്ള റീഹാബ് ആശുപത്രിയുടെയും കോളേജ് കെട്ടിടത്തിന്റെയും പദ്ധതി പ്രഖ്യാപനം ഇരിങ്ങാലക്കുടയിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

ഭിന്നശേഷിക്കാരായവരെ സ്വയംപര്യാപ്തരാക്കാൻ ഭിന്നശേഷി സ്വയംസഹകരണ സംഘങ്ങൾക്ക് അനുമതി ഒരു മാസത്തിനകം ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ വികസനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർണായകമായ പങ്കാണ് വഹിക്കുന്നതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. കാസർകോട് ജില്ലാ പഞ്ചായത്ത് വികസന സെമിനാർ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ത്രിതല പഞ്ചായത്തുകൾ ചേർന്ന് പദ്ധതികൾ രൂപീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾ കൂടുതൽ പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്ന് കണ്ണൂർ തളിപ്പറമ്പിൽ ആരംഭിക്കും. മൂന്ന് തിയേറ്ററുകളിൽ ആയാണ് പ്രദർശനം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KOശശിധരൻ.

..........വോയ്സ്..........

തളിപ്പറമ്പിലെ ക്ലാസിക്, ക്ലാസിക് ക്രൗൺ, ആലിങ്കീൽ പാരഡൈസ് എന്നീ തിയേറ്ററുകളിൽ 34 സിനിമകൾ പ്രദർശിപ്പിക്കും. 2025ലെ കാൻ ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള പാംദോർ ലഭിച്ച ജാഫർ പനാഹിയുടെ 'ഇറ്റ് വോസ് ജസ്റ്റ് ആൻ ആക്സിഡന്റ്' ആണ് ഉദ്ഘാടനചിത്രമായി പ്രദർശിപ്പിക്കുക . ലോകസിനിമ, ഇന്ത്യൻ സിനിമ, മലയാളം സിനിമ, ഫെസ്റ്റിവൽ ഫേവറിറ്റ്സ്, ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്, ഫിമെയ്ൽ ഫോക്കസ്, പലസ്തീൻ പാക്കേജ് എന്നീ വിഭാഗങ്ങളിൽനിന്ന് തെരഞ്ഞെടുത്ത ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത് . എല്ലാ ദിവസവും ഓരോ തിയേറ്ററിലും നാലു പ്രദർശനങ്ങൾ വീതം ഉണ്ടായിരിക്കും. ഓപ്പൺ ഫോറം, എക്സിബിഷൻ, കലാസാംസ്കാരിക പരിപാടികൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.23 വരെ ആണ് ചലച്ചിത്രോത്സവം.

✪✪✪

FIH പ്രോ ലീഗ് പുരുഷ ഹോക്കിയിൽ, ഇന്ത്യ ഇന്ന് സ്പെയിനിനെ നേരിടും. ഓസ്ട്രേലിയയിലെ ഹൊബാർട്ടിൽ ഇന്ത്യൻ സമയം ഉച്ചക്ക് 12നാണ് മത്സരം. ക്യാപ്റ്റൻ ഹാർദിക് സിങ്ങിന്റെ കീഴിൽ ശക്തമായ തിരിച്ചുവരവ് നടത്താൻ ശ്രമത്തിലാണ് ഇന്ത്യൻ ടീം.

ഉദ്ഘാടന മത്സരത്തിന് ശേഷം, നാളെ ഇന്ത്യ ആതിഥേയരായ ഓസ്ട്രേലിയയെ നേരിടും.

✪✪✪

ICC ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് ഗ്രൂപ്പ് ബി അവസാന മത്സരത്തിൽ ഓസ്ട്രേലിയക്ക് ജയം. ശ്രീലങ്കയിൽ ഒമാനെ 9 വിക്കറ്റിനാണ് ഓസ്ട്രേലിയ പരാജയപ്പെടുത്തിയത്. ഒമാൻ ഉയർത്തിയ 105 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയ 9.4 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറി കടന്നു.

✪✪✪

സംസ്ഥാന ജലഗതാഗത വകുപ്പിന് കീഴിൽ സർവീസ് നടത്തുന്ന മുഴുവൻ സോളാർ ബോട്ടുകളും എയർ കണ്ടീഷൻ സംവിധാനത്തിലേക്ക് മാറ്റുമെന്ന് മന്ത്രി കെ.ബി. ഗണേഷ് കുമാർ പറഞ്ഞു. ഇതിലൂടെ സാധാരണ യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര സൗകര്യം ഉറപ്പാക്കുന്നതിന് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന ജലഗതാഗത വകുപ്പും മുഹമ്മ ഗ്രാമ പഞ്ചായത്തും ചേർന്ന് പാതിരാ മണൽ ദ്വീപിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതിയായ കുട്ടനാട് സഫാരി, ആംഫി തീയേറ്റർ, 30 പാസഞ്ചർ ശേഷിയുള്ള സോളാർ ബോട്ട് എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി .

✪✪✪

ബേപ്പൂർ കക്കാടത്ത് ഉരുനിർമ്മാണശാല മന്ത്രി PA മുഹമ്മദ് റിയാസ് സന്ദർശിച്ചു. സംസ്ഥാന ബജറ്റിൽ ഉരു വ്യവസായത്തിന് അഞ്ച് കോടി രൂപ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിലാണ് സന്ദർശനം. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്തി ഉരു വ്യവസായ സാധ്യതകൾ വർദ്ധിപ്പിക്കുക, ഉരു നിർമാണ വ്യവസായത്തെ ലോകത്തിന് മുമ്പിൽ കൂടുതൽ പരിചയപ്പെടുത്തുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ബജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിനു കീഴിൽ പൊന്നാനിയിൽ ആരംഭിക്കുന്ന ആദ്യ കപ്പൽ നിർമാണശാലയുടെ തുടർനടപടിക്ക് ഗവൺമെന്റ് അനുമതി നൽകി. പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി മാരിടൈം ബോർഡ് ഗവൺമെന്റ് അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. അംഗീകാരം നൽകിയതോടെ കരാറെടുത്ത ഹൈദരാബാദ് ആസ്ഥാനമായ ട്രാവൻകൂർ പ്രിസിഷ്യൻ കമ്പോണന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് കരാർ പൂർത്തിയാക്കി നിർമാണം ആരംഭിക്കാം.

✪✪✪

കേരളം ഇന്ത്യയിലെ ഒരു സംസ്ഥാനം മാത്രമാണെന്നും പ്രത്യേക രാജ്യമല്ലെന്നും BJP കേരളാ പ്രഭാരിയും മുൻകേന്ദ്രമന്ത്രിയുമായ പ്രകാശ് ജാവ്ഡേക്കർ പറഞ്ഞു. കേരളം ഇപ്പോൾ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാൻ ഒരുങ്ങുകയാണ്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാൻ അധികാരം കേന്ദ്രഗവൺമെന്റിന് മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. NDA സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ NDA വലിയ വിജയം നേടുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. തിരഞ്ഞെടുപ്പിൽ NDA മത്സരിക്കുന്നത് ജയിക്കാൻ വേണ്ടിയാണെന്നും, കേരളത്തിന്റെ രാഷ്ട്രീയ സംസ്കാരത്തിൽ മാറ്റം കൊണ്ടുവരാനാണ് ഇത്തവണത്തെ മത്സരമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കേരളത്തിലെ ആരോഗ്യമേഖലയിൽ അടിക്കടിയുണ്ടാകുന്ന അനാരോഗ്യകരമായ പ്രവണതകൾക്കെതിരെ മഹിളാ മോർച്ചയുടെ നേതൃത്വത്തിൽ കോഴിക്കോട്ട് പ്രതിഷേധം സംഘടിപ്പിച്ചു. BJP ജില്ലാ വൈസ് പ്രസിഡണ്ട് സുപ്രിയ പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്തു. ആലപ്പുഴയിൽ ശസ്ത്രക്രിയക്കിടെ യുവതിയുടെ വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ മന്ത്രി വീണാ ജോർജ് രാജിവെക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

✪✪✪

മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'തൊഴിൽതീരം' പദ്ധതിയുടെ ഭാഗമായി ഇന്ന് കോഴിക്കോട് വെസ്റ്റ്ഹിൽ ഗവ. എഞ്ചിനീയറിങ് കോളേജ് ക്യാമ്പസിൽ തൊഴിൽമേള സംഘടിപ്പിക്കും. രാവിലെ മന്ത്രി സജി ചെറിയാൻ മേള ഓൺലൈനായി ഉദ്ഘാടനം ചെയ്യും. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വൈദഗ്ധ്യ പരിശീലനവും സ്ഥിരതയുള്ള തൊഴിലും ഉറപ്പാക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് തൊഴിൽതീരം.

✪✪✪

ഈ വർഷത്തെ ആറ്റുകാൽ ഉത്സവത്തോട് അനുബന്ധിച്ച് അമ്പലത്തിലെ ജീവനക്കാർക്ക് അഗ്നിസുരക്ഷാ പരിശീലനവും ബോധവൽക്കരണ ക്ലാസും നൽകി.

തീപിടുത്ത സാധ്യത ഉള്ള സ്ഥലങ്ങൾ വെടിപ്പുര, നാരങ്ങ വിളക്ക്, ജനറേറ്റർ റൂം, പാചകപ്പുരകൾ, ഗ്യാസ് സ്റ്റോർ ചെയ്യുന്ന സ്ഥലങ്ങൾ മുതലായ തീപിടുത്ത സാധ്യത ഏറെ ഉള്ള മേഖലകളിൽ ചെലുത്തേണ്ട സുരക്ഷാ മുൻകരുതലുകളെ കുറിച്ച് ജീവനക്കാർക്ക് ക്ലാസുകൾ നൽകി.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: ഫസ്ന ഫാത്തിമ*
*News Team: മണികണ്ഠൻ*
*DEO സി കെ സുബോധ്*